പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1671 05.12.2014 ലെ മറുപടിയ്ക്ക്

കൃഷി ജനകീയമാക്കുവാൻ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എം. ആരിഫ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷി ജനകീയമാക്കുവാൻ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത് ; | (എ) & (ബി) കാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും പദ്ധതികളെക്കുറിച്ച് കൂടുതൽ അവബോധം സമൂഹത്തിൽ സൃഷ്ടിച്ച് കൃഷി ജനകീയമാക്കുന്നതിനും കൃഷി വകുപ്പ് ചുവടെ ചേർക്കുന്ന പദ്ധതികളും നടപടികളുമാണ് നടപ്പിലാക്കുന്നത്. |
| (ബി) ഇതിൽ ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് വിശദമാക്കുമോ ? | |

1. പൊതുജന പങ്കാളിത്ത പദ്ധതി
   - എ) കർഷക ദിനാചരണം
   - ബി) കാർഷിക വികസന സമിതിയോഗം
   - സി) കർഷക അവാർഡ്
   - ഡി) ഗവേഷകരും ഉദ്യോഗസ്ഥരും കൃഷിക്കാരും തമ്മിലുള്ള മുഖാമുഖം പരിപാടി
2. ആത്മ പദ്ധതികൾ
   - എ) എക്സ്പോഷർ വിസിറ്റ്
   - ബി) പരിശീലന പരിപാടികൾ
   - സി) ഫാർമേഴ്സ് ഫീൽഡ് സ്കൂൾ
   - ഡി) പ്രദർശനത്തോട്ടം സ്ഥാപിക്കൽ
   - ഇ) ടെക്നോളജി മീറ്റ്
3. ലീഡ്സ് (LEADS) പദ്ധതി
4. പദ്ധതികളുടെ വിവിധ മാദ്ധ്യമങ്ങളിൽ കൂടിയുള്ള പ്രചരണം, വിവിധ പ്രസിദ്ധീകരണങ്ങൾ
5. അച്ചടി പ്രസിദ്ധീകരണങ്ങൾക്കൊപ്പം വിത്ത് വിതരണം.
6. മൊബൈൽ ഫോണിലൂടെ മെസ്സേജിംഗ് സർവ്വീസ്

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

കാർഷിക മേഖലയിൽ ജനപങ്കാളിത്തം വർദ്ധിപ്പിച്ച് കൃഷി കൂടുതൽ ജനകീയമാക്കുന്നതിനായി കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെയും മറ്റ് നടപടികളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## 1. പൊതുജന പങ്കാളിത്ത പദ്ധതി - ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന ഘടകങ്ങളാണ് നടപ്പിലാക്കുന്നത്.

### എ) കർഷക ദിനാചരണം

എല്ലാ വർഷവും ചിങ്ങം ഒന്നിന് കർഷകദിനമായി ആചരിച്ചുവരുന്നു. ഓരോ കൃഷി ഭവനിന്റെയും ആഭിമുഖ്യത്തിൽ അന്നേ ദിവസം മികച്ച കർഷകരെ ആദരിക്കുകയും കർഷകർ, ജനപ്രതിനിധികൾ,കൃഷി ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കുന്ന പൊതു സമ്മേളനവും കാർഷിക വിഷയങ്ങളിൽ ചർച്ചാ ക്ലാസ്സും നടത്തി വരുന്നു.

### ബി) കാർഷിക വികസന സമിതി യോഗം

എല്ലാ പഞ്ചായത്തുകളിലും ജില്ല, സംസ്ഥാനതലങ്ങളിലും ജനപ്രതിനിധികളും കർഷക പ്രതിനിധികളും കൃഷി അനുബന്ധ വകുപ്പിലെ ഉദ്യോഗസ്ഥരുമടങ്ങുന്ന വികസന സമിതി രൂപീകരിച്ചിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ചേരുന്ന സമിതി യോഗങ്ങളിൽ കാർഷിക അനുബന്ധ മേഖലകളിലെ പദ്ധതികളും പ്രാദേശിക തലത്തിൽ ഈ മേഖലകളിൽ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും അനന്തര നടപടികൾ കൈക്കൊള്ളുകയും ചെയ്തു വരുന്നു.

### സി) കർഷക അവാർഡ്

വിവിധ വിളകളിലും കൃഷി രീതികളിലും പ്രാഗല്ഭ്യം തെളിയിച്ചവർക്ക് സംസ്ഥാനതലത്തിൽ അവാർഡ് നല്കിവരുന്നു. പാടശേഖരസമിതികൾ, കർഷക തൊഴിലാളികൾ,ഗവേഷകർ, ഉദ്യോഗസ്ഥർ എന്നിവർക്കും പ്രത്യേക അവാർഡ് നല്കുന്നു.

### ഡി) ഗവേഷകരും ഉദ്യോഗസ്ഥരും കർഷകരുമായുള്ള മുഖാമുഖം പരിപാടി (Farmer Research Extension Interface)

പ്രസ്തുത പരിപാടിയിൽ ഗവേഷകർ തങ്ങളുടെ ഗവേഷണ ഫലങ്ങളും പുതിയ കൃഷി രീതികളും കർഷകരുമായി പങ്കുവയ്ക്കുകയും കർഷകർ അവരുടെ കാർഷിക പ്രശ്നങ്ങൾ അവതരിപ്പിച്ച് പരിഹാരം നേടുകയും ചെയ്യുന്നു.

## 2. ആത്മ (ATMA - Agricultural Technology Management Agency) -

പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ കർഷകർക്ക് കാർഷിക ഗവേഷണ കേന്ദ്രങ്ങൾ, കൃഷിയിടങ്ങൾ എന്നിവയിലേയ്ക്കുള്ള സന്ദർശനം, പരിശീലന പരിപാടികൾ, കൃഷിയിടങ്ങളിൽ വച്ച് നടത്തുന്ന പഠന ക്ലാസ്സുകൾ, പുതിയ കൃഷി രീതികളും സാങ്കേതിക വിദ്യയും പരിചയപ്പെടുത്തുന്നതിനുള്ള പ്രദർശനത്തോട്ടം സ്ഥാപിക്കൽ, കർഷകരും കൃഷി ഉദ്യോഗസ്ഥർ, ഗവേഷകർ എന്നിവരുമായുള്ള യോഗങ്ങൾ എന്നിവ നടപ്പിലാക്കി വരുന്നു.

## 3. ലീഡ്സ് (LEADS) പദ്ധതി -

കൊല്ലം, പാലക്കാട്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്ന പ്രസ്തുത പദ്ധതിയിൽ ഓരോ പഞ്ചായത്തുകളിലും 3 മാതൃകാ കർഷകരേയും ഇവരോരോരുത്തർക്കും 10 കർഷകരേയും ഉൾപ്പെടുന്ന 3 ഗ്രൂപ്പുകൾ തെരഞ്ഞെടുക്കുന്നു. കൃഷി മേഖലയിലെ പുതിയ സാങ്കേതിക വിദ്യകൾ ഇവരുടെ

കൃഷിയിടങ്ങളിൽ നടപ്പിലാക്കുകയും മറ്റ് കർഷകർക്ക് ഇത് കാണാനുള്ള അവസരമുണ്ടാകുകയും ചെയ്യുന്നു. ഈ കർഷകർക്ക് ഗവേഷകർ, കൃഷി ഉദ്യോഗസ്ഥർ എന്നിവരുമായി ആശയങ്ങൾ കൈമാറുന്നതിന് മൊബൈൽ ഫോൺ സേവനവും നല്കിയിട്ടുണ്ട്.

## 4. മാദ്ധ്യമങ്ങളിലൂടെയുള്ള പ്രചരണം

കൃഷി വകുപ്പിന്റെ വിഭാഗമായ ഫാം ഇൻഫർമേഷൻ ബ്യൂറോ കൃഷി വകുപ്പിലൂടെ നടപ്പിലാക്കുന്ന പദ്ധതികളെയും പ്രവർത്തനങ്ങളേയും സംബന്ധിച്ച പ്രചരണം വിവിധ ദൃശ്യ, ശ്രവ്യ, അച്ചടി മാദ്ധ്യമങ്ങളിലൂടെ നല്കുന്നു. ഇവിടെ നിന്നും പ്രസിദ്ധീകരിക്കുന്ന 'കേരള കർഷകൻ' മാസിക, വിവിധ കാർഷിക വിഷയങ്ങളെ സംബന്ധിച്ച ബുക്ക് ലെറ്റ്, ലീഫ് ലെറ്റ് എന്നിവയും പ്രയോജനപ്രദമാണ്. കൂടാതെ കൃഷിദീപം എന്ന ടെലിവിഷൻ പ്രോഗ്രാം മുഖേന ആധുനിക കൃഷി രീതികൾ, വിവിധ കാർഷിക വികസന പദ്ധതികൾ, കർഷകരുടെ വിജയഗാഥ എന്നിവ സംപ്രേക്ഷണം ചെയ്തുവരുന്നു.

5. മാതൃഭൂമി, മലയാള മനോരമ എന്നീ വാരികകളിലൂടെ ഗുണനിലവാരമുള്ള പച്ചക്കറി വിത്തുകൾ സൗജന്യമായി വിതരണം നടത്തി വരുന്നു. പച്ചക്കറി കൃഷി കൂടുതൽ ജനകീയമാക്കാൻ ഈ നടപടി സഹായിച്ചു.

## 6. മൊബൈൽ മെസ്സേജിംഗ് സർവ്വീസ് -

സംസ്ഥാന സർക്കാരിന്റെ മൊബൈൽ ഗവേർണൻസ് പദ്ധതിയനുസരിച്ച് കർഷകർക്ക് ആഴ്ചയിൽ 2 ദിവസം കാർഷിക സംബന്ധിയായ വിഷയങ്ങളെ സംബന്ധിച്ച് മെസേജ് നല്കി വരുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ കിസ്സാൻ എസ്സ്.എം.എസ്സ് പരിപാടിയുടെ ഭാഗമായും സംസ്ഥാനത്തെ കർഷകർക്ക് മെസ്സേജ് നല്കി വരുന്നു.

സെക്ഷൻ ഓഫീസർ